4 (1045) അധിക വിഭവ സമാഹരണം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പാലോട് രവി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതുമുതൽ ഇതുവരെ ഓരോവർഷവും അധിക വിഭവ സമാഹരണമായി എന്തു തുക പിരിച്ചെടുക്കാമെന്നാണ് പ്രതീക്ഷിച്ചത്;

(ബി) ഈ കാലഘട്ടത്തിൽ ഈയിനത്തിൽ ഓരോ വർഷവും എന്തു തുകയുടെ അധിക വിഭവ സമാഹരണം നടത്തിയിട്ടുണ്ടെന്നു പറയുമോ?

ഉത്തരം

(എ)

വർഷം	തുക(കോടിയിൽ)
1996-97	93.00
1997-98	225.70
1998-99	317.00
1999-2000	396.55

(ബി) വിവിധ വകുപ്പുകളിൽ നിന്ന് വിവരം ശേഖരിച്ചു വരുന്നു.

5 (1046) മൂലധനചെലവിലേയ്ക്ക് അനുവദിച്ച തുക

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1999-2000 വർഷത്തേയ്ക്ക് പ്ളാനിംഗ് കമ്മീഷൻ അനുവദിച്ചിട്ടുള്ള വാർഷിക പദ്ധതിയിൽ എന്തു തുക മൂലധനചെലവിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

1999-2000 വർഷത്തെ വാർഷിക പദ്ധതികളുടെ മൂലധനച്ചെലവിലേയ്ക്ക് മൊത്തം 679.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

6 (1047) പെൻഷൻകാരുടെ ആവശ്യങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പെൻഷൻകാർക്ക് ഇന്നു നൽകിവരുന്ന മെഡിക്കൽ അലവൻസ് കാലോചിതമായി പരിഷ്കരിക്കുന്നതിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെൻഷൻകാരുടെ വിവിധ സംഘടനകൾ വഴിയും പെൻഷൻകാർ വെവ്വെറെയായും ഉന്നയിക്കുന്ന ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; പെൻഷൻ വർദ്ധിപ്പിക്കുക, മെഡിക്കൽ അലവൻസ് വർദ്ധിപ്പിക്കുക, ഒരു മാസത്തെ പെൻഷൻ ഉത്സവബത്തയായി അനുവദിക്കുക, പെൻഷൻ നിയമം പരിഷ്ക്കരണം, ചികിത്സാ പദ്ധതി, ക്ഷേമനിധി തുടങ്ങിയവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ബി) കേന്ദ്രത്തിൽ പത്തു വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കരണം നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് അഞ്ചു വർഷത്തിലൊരിക്കൽ പെൻഷൻ പരിഷ്ക്കരണം നടത്തുന്നുണ്ട്. നിയമപ്രകാരം മിനിമം പെൻഷന് അർഹതയില്ലാത്ത ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ പദ്ധതി അനുവദിച്ചിട്ടുണ്ട്. ചികിത്സാ പദ്ധതിയുടെ ഭാഗമായി മെഡിക്കൽ അലവൻസ് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയായി 1997-ൽ വർദ്ധിപ്പിക്കുകയും അർഹതയുള്ള പ്രായപരിധി 65-ൽനിന്നും 60 ആയി ചുരുക്കുകയും ചെയ്തിട്ടുണ്ട്. 1999-ൽ പെൻഷൻകാർക്ക് 275 രൂപ പ്രത്യേക ഉത്സവബത്ത നൽകിയിട്ടുണ്ട്. പെൻഷൻ നിയമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ക്ഷേമനിധിപോലെ സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന നിർദ്ദേശങ്ങൾ സാമ്പത്തിക സ്ഥിതിയുമായി ബന്ധപ്പെടുത്തി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(സി) പരിശോധിക്കുന്നതാണ്.

7 (1048) സംസ്ഥാന സർക്കാർ നൽകിയ വായ്പ

ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. പി.പി. തങ്കച്ചൻ :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് എന്തു തുക വായ്പയായി കൊടുത്തു;

(ബി) ഈ ഓരോ വർഷവും വായ്പ നൽകിയ വകയിൽ പലിശയിനത്തിൽ എന്തു തുക വരുമാനമുണ്ട്;

(സി) ഇതേ കാലഘട്ടത്തിൽ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് എന്തു തുക വീതം വായ്പ എടുത്തു;

(ഡി) സംസ്ഥാന ഗവൺമെന്റ് എടുത്ത വായ്പയിൽമേൽ ഈ കാലയളവിൽ ഓരോ വർഷവും എന്തു തുക വീതം പലിശ ഇനത്തിൽ ചെലവു വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly